# പോലീസ് വകുപ്പ്
# കേരളം

**No. G2-13638/2023/KL**
ജില്ലാ പോലീസ് ഓഫീസ്,
കണ്ണൂർ റൂറൽ
✉dpoknrl.pol@kerala.gov.in
തീയതി. 22-06-2024

## ലേല പരസ്യം

കണ്ണൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധികാര പരിധിയിലെ പെരിങ്ങോം പോലീസ് സ്റ്റേഷൻറെ അധീനതയിലുള്ള പഴകിയ വാട്ടർ ടാങ്ക് പൊളിച്ചു നീക്കുന്നതിനായി **12.07.2024 തീയ്യതി പകൽ 11 മണിക്ക്** പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

**നിബന്ധനകൾ :**

1) ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരത ദ്രവ്യമായ 100/- രൂപ (നൂറ് രൂപ മാത്രം) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ തുക അയതിൻറെ Demand draft സഹിതം പെരിങ്ങോം പോലിസ് ഇൻസ്പെക്ടറുടെ പേരിൽ 09-07-2024 തീയ്യതി വൈകീട്ട് 5 മണി വരെ പെരിങ്ങോം പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

2) ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്.

3) ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരതദ്രവ്യം (ലേലം കൊണ്ടയാളുടെ ഒഴികെ) ലേലം കഴിഞ്ഞ ഉടനെതന്നെ തിരിച്ചു നൽകുന്നതാണ്

4) പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്.

5) ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും (നിരത ദ്രവ്യം കഴിച്ച് ) അടച്ച് രസീത് വാങ്ങേണ്ടതും, ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ബാക്കി തുകയും, 18 % GST യും അടച്ച് 10 ദിവസത്തിനകം കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് മാറ്റി സാധന സാമഗ്രികൾ പ്രസ്തുത സ്ഥലത്ത് നിന്നും പൂർണമായി നീക്കം ചെയ്യേണ്ടതാണ്.

6) ഏതെങ്കിലും കാരണവശാൽ / ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

7) മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ 09-07-2024 വരെയുള്ള ഏതെങ്കിലും ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണിവരെ പെരിങ്ങോം സ്റ്റേഷൻ ഹൗസ് ഓഫീസരുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

8) യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയ്യതി മാറ്റി വെക്കുന്നതിനും ലേലം / ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം കണ്ണൂർ റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

ഹേമലത എം ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ലേല ബോർഡിൻറെ ചെയർമാനും, കമ്മിറ്റി അംഗങ്ങൾക്കും അനന്തര നടപടിക്കായി

പകർപ്പ് : 1.എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും/ബറ്റാലിയൻ കമ്മാണ്ടൻറ്മാർക്കും അറിവിലേക്കും,വ്യാപക പരസ്യം ചെയ്യുന്നതിനുമായി 2. കണ്ണൂർ റൂറലിലെ എല്ലാ ഓഫീസർമാർക്കും ലേല പരസ്യ നോട്ടീസ്, നോട്ടീസ് ബോർഡിൽ പതിക്കുന്നതിനും വ്യാപക പരസ്യം ചെയ്യുന്നതിനുമായി. 3. കാഷ്യർ, കണ്ണൂർ റൂറൽ, അറിവിലേക്കും അനന്തര നടപടികൾക്കുമായി.

G2-13638/2023/KL

171263